# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3786

## 15-03-2017 ൽ മറുപടിക്ക്

**പ്രവാസി മലയാളി നിക്ഷേപം**

| ചോദ്യം<br>ശ്രീ. ചിറയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. എൽദോ എബ്രഹാം | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തേക്ക് വരുന്ന ഒരു ലക്ഷം കോടിയിൽപ്പരം രൂപയുടെ പ്രവാസി മലയാളി നിക്ഷേപം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് ; | സാമ്പത്തിക മാന്ദ്യത്തിൽ നിന്നും സംസ്ഥാനത്തെ കര കയറ്റുന്നതിന് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമെങ്കിലും ആവശ്യമാണെന്ന് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഈ ലക്ഷ്യം സാധൂകരിക്കുന്നതിന്റെ ആദ്യ പടിയായി 2016 ലെ അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്ട് മുഖേന കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ പ്രവർത്തന സാദ്ധ്യതകൾ വിപുലീകരിക്കുക വഴി നൂതനമായ ധനസമാഹരണ മാർഗ്ഗങ്ങളിലൂടെ അടിസ്ഥാന സൗകര്യ നിക്ഷേപ പദ്ധതികൾക്കാവശ്യമായ പണം കണ്ടെത്തുന്നതിന് കിഫ് ബോർഡിനെ പ്രാപ്തമാക്കി. ഇതേത്തുടർന്ന് 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'പ്രത്യേക നിക്ഷേപ പദ്ധതി'യിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിലായി കിഫ്ബി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇപ്രകാരം പ്രഖ്യാപിച്ച പദ്ധതികളിൽ 07.11.2017 ൽ നടന്ന |

| | |
|---|---|
| | കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ 27-ാം മത് യോഗം 48 പദ്ധതികളിലായി 4004.86 കോടി രൂപ അടങ്കൽ തുകയ്ക്ക് അംഗീകാരം നൽകിയിരുന്നു. ടി പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളിൽ പ്രധാനമായ പ്രവാസി മലയാളി നിക്ഷേപം ഉൾപ്പെടെയുള്ള സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നത് ലക്ഷ്യമിട്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. |
| (ബി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് പ്രവാസിനിക്ഷേപം ഉപയോഗപ്പെടുത്തുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആലോചിക്കുന്നുണ്ടോ ; | പ്രവാസികളിൽ നിന്നുള്ള നിക്ഷേപം ആകർഷിക്കുന്നത് ലക്ഷ്യമിട്ട് കെ.എസ്.എഫ്.ഇ ഓൺലൈൻ പ്രവാസി ചിട്ടി പദ്ധതി ആവിഷ്കരിച്ച് വരികയാണ്. ടി പദ്ധതിയിലൂടെ കെ.എസ്.എഫ്.ഇ സമാഹരിക്കുന്ന തുക കിഫ്ബിയുടെ ബോണ്ടുകളിൽ നിക്ഷേപിക്കുക വഴി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിരിക്കുന്ന ഈ ഉദ്യമം വഴി പ്രവാസികളിൽ നിന്നും നേരിട്ട് നിക്ഷേപം സ്വീകരിക്കാതെ തന്നെ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ പ്രവാസി നിക്ഷേപത്തെ ഭാഗഭാക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് പുരോഗമിച്ചു വരുന്നത്. ആദ്യ വർഷം തന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ഈ ഉദ്യമത്തിൽ ചേർക്കാൻ ലക്ഷ്യമിടുന്നു. |
| (സി) കിഫ്ബിയെ പ്രവാസി നിക്ഷേപത്തിന്റെ ചാനലൈസിംഗ് ഏജൻസി ആക്കി മാറ്റുന്ന നടപടിയ്ക്ക് ഊന്നൽ നൽകുമോ ; എങ്കിൽ എന്തൊക്കെ മാർഗ്ഗങ്ങളിലൂടെയാണെന്ന് വിശദമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**